**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5356** **21-07-2022 - ൽ മറുപടിയ്ക്ക്**

**എം പാനൽ ജീവനക്കാരെ തിരിച്ചെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. യിൽ ജോലി ചെയ്തിരുന്ന എം പാനൽ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും തിരിച്ചെടുക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് തിരികെ ജോലിയിൽ പ്രവേശിക്കാൻ എപ്പോൾ അനുമതി നൽകുമെന്ന് വ്യക്തമാക്കാമോ? | (എ) | എംപാനൽ കണ്ടക്ടർമാരെ ഉടൻ പ്രാബല്യത്തിൽ ഒഴിവാക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ നൽകിയവർക്ക് നിയമനം നൽകുകയും വേണം എന്ന് റിട്ട് അപ്പീൽ നമ്പർ 2248/2018 മുതലായ കേസുകളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. എംപാനൽ കണ്ടക്ടർമാരെ വിടുതൽ ചെയ്തത്. എംപാനൽ ഡ്രൈവർമാരെ 30/4/2019-ന് മുമ്പായി വിടുതൽ ചെയ്യണമെന്ന് റിട്ട് അപ്പീൽ നമ്പർ 1011/2019-ാം നമ്പർ കേസിൽ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിധിക്കെതിരെ SLP 11034/2019–പ്രകാരം കോർപ്പറേഷൻ ബഹു.സുപ്രീം കോടതിയെ സമീപിച്ചെങ്കിലും ബഹു.ഹൈക്കോടതി വിധിയിൽ ഇടപെടുന്നതിന് ബഹു.സുപ്രീം കോടതി വിസമ്മതിച്ചിട്ടുള്ളതും ഏതെങ്കിലും ദിവസം ജീവനക്കാരുടെ കുറവ് നിമിത്തം സർവ്വീസിന് മുടക്കം വരാത്തവിധമുള്ള ക്രമീകരണം ആവശ്യമെങ്കിൽ ആയത് നടത്തുന്നതിന് കോർപ്പറേഷനെ അനുവദിക്കുന്നതായി ഉത്തരവായിട്ടുള്ളതുമാണ്. ബഹു.കോടതികളുടെ നിലവിലെ ഉത്തരവുകൾ പ്രകാരമാണ് എംപാനൽ ജീവനക്കാരെ വിടുതൽ ചെയ്തത്.<br><br>പ്രസ്തുത കോടതി വിധികൾ നില നിൽക്കുന്നതിനാൽ അത്തരം ജീവനക്കാരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ